ശ്രീ. ബാബു ദിവാകരൻ: സർ, എംപ്ലോയ്മെന്റ് നിയമനങ്ങളിൽ വിധവകൾക്ക് പ്രത്യേക പരിഗണനയുണ്ട്; പ്രത്യേക ക്വാട്ട ഉണ്ട്. അതനുസരിച്ച് പൊതുലിസ്റ്റിൽ വരുന്നതിൽ മുൻഗണന നൽകുന്നു.

ശ്രീ. രാജു എബ്രഹാം: ഇന്ന് ധനകാര്യവകുപ്പുമന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ 1057 പേരെ പിൻവാതിലിലൂടെ നിയമിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുകയാണ്. ഇത് സർക്കാർ സർക്കുലറാണ്. ഈ സർക്കുലർ പ്രകാരം ഇങ്ങനെ നിയമനം നടത്തുന്ന ആളുകൾക്കെതിരെ നടപടിയെടുക്കാൻ വകുപ്പുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, വ്യക്തമായ പരാതി കിട്ടിയാൽ പരിശോധിക്കാം.

ശ്രീമതി രാധാരാഘവൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനുവദിച്ച എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഫസ്റ്റ് ബാച്ചുകാർ ജൂണിൽ ഇറങ്ങി, അവർക്ക് ഇതുവരെയായിട്ട് അംഗീകാരം കിട്ടിയിട്ടില്ല. ആറ് ബാച്ചുകാരെ കൂടി മാനന്തവാടിയിൽ നിന്ന് മാറ്റി വേറെ കോളേജിലേക്ക് അഡ്മിഷൻ കൊടുക്കേണ്ടതാണ്.

മി. സ്പീക്കർ: ചോദ്യം റിസർവേഷനാണ്.

ശ്രീ. ബാബു ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുള്ള എഞ്ചിനീയറിംഗ് കോളേജിന്റെ ഇപ്പോഴത്തെ സ്ഥിതി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഇ-ഗവേണൻസ് ഏർപ്പെടുത്താൻ നടപടി

*3 [93] ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ?

(ബി) എങ്കിൽ ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളെടുത്തു;

(സി) ഇ-ഗവേണൻസ് ഏർപ്പെടുത്തുന്നതുമൂലം സാമ്പത്തിക ലാഭം ഉണ്ടാകുമോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്.

(ബി) ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹനവകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി വകുപ്പ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായി വരുന്നു. വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചുവരുന്നു. നിയമവകുപ്പ്, ഒരു ലാ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. വിവിധ സർക്കാർ ആഫീസുകളെയും മറ്റ് ഏജൻസികളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ അഥവാ ഡയമണ്ട് പദ്ധതി നടപ്പിലാക്കിവരികയാണ് സ്വകാര്യ കമ്പനികളായ ഏഷ്യാനെറ്റ്, റിലയൻസ്, ഭാരതി എന്നിവയിൽനിന്ന് സൗജന്യമായി ലഭിക്കുന്ന ബാൻഡ് വിഡ്ത്ത് ഉപയോഗിച്ച് ഒരു അതിവേഗ വിവര വിനിമയ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതോടനുബന്ധിച്ച് തിരുവനന്തപുരത്ത് പ്രധാന വിവരസങ്കേത കേന്ദ്രവും (ഡാറ്റാ സെന്റർ) കൊച്ചിയിലും കോഴിക്കോട്ടും ഉപകേന്ദ്രങ്ങളുമായിട്ടായിരിക്കും പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(സി) & (ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം ഭാവിയിൽ സാമ്പത്തിക ലാഭം ഉണ്ടാകുന്നതാണ്. പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലൂടെയും പദ്ധതി വിഭാവനം ചെയ്ത തുകയ്ക്കുതന്നെ നടപ്പിലാക്കാൻ കഴിയുന്നതിനാലും, പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രയോജനം അപ്പപ്പോൾ തന്നെ ജനങ്ങളിലേക്ക് എത്തിക്കുവാനും അതുമൂലമുള്ള സാമ്പത്തിക ചംക്രമണം ത്വരിതപ്പെടുത്തുവാനും കഴിയും. ഇതുകൂടാതെ സ്റ്റേഷനറി ഉപയോഗം, തപാൽ സ്റ്റാമ്പുകളുടെ ഉപയോഗം, അനാവശ്യമായ അച്ചടി ചാർജ്ജുകൾ എന്നിവയുടെ ചെലവും ഗണ്യമായി കുറയ്ക്കാൻ കഴിയും. റിക്കാർഡുകൾ സൂക്ഷിക്കുവാനുള്ള സ്ഥലവിനിയോഗം ഒഴിവാക്കുന്നതിനും സാധിക്കും. വിവരങ്ങൾ അതിവേഗത്തിൽ വിനിമയം നടത്തുവാൻ കഴിയുമെന്ന നേട്ടം പ്രത്യേകം ശ്രദ്ധേയമാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഇ-ഗവേണൻസ് ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുകയും അത് ദ്രുതഗതിയിൽ നടപ്പിലാക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി വാഹനവകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയിലെ ജോലികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്. മറ്റു വകുപ്പുകളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകും; ഇത് കോ-ഓർഡിനേറ്റ് ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈയിടെയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ റിവ്യൂ ചെയ്ത്, ഓരോ വകുപ്പിലേയും ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ പുരോഗതി ത്വരിതപ്പെടുത്താൻ പല നടപടികളും എടുത്തിട്ടുണ്ട്. ചില വകുപ്പുകളിലെല്ലാം ജനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ചില വകുപ്പുകളിൽ വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്, ചില വകുപ്പുകളിൽ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. കാരണങ്ങൾ പലതാണ്. ഇത് ഒരു ചെയിഞ്ചാണ്, ആ ചെയിഞ്ച് ഉൾക്കൊള്ളാനുള്ള ഒരു വൈമുഖ്യം ആണ് പ്രധാന കാരണം. ഇത് സ്വാഭാവികമാണ്, എന്നാലും ത്വരിതഗതിയിൽ നടപ്പിലാക്കാനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ ആവശ്യക്കാർക്ക് യഥാവിധി വിവരങ്ങൾ അറിയാൻ സഹായകമാകുന്നുണ്ട്. പക്ഷെ അതിനാവശ്യമായ പരിശീലനവും ഇത് ഉൾക്കൊണ്ട് പ്രവർത്തിക്കാനുള്ള ഒരു മനസ്സും ചില ഡിപ്പാർട്ടുമെന്റുകളിലെ ചില ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ആ സ്ഥിതി മാറ്റി ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന നിലയിൽ ഇത് നടപ്പിലാക്കാൻ വേണ്ടുന്ന പരിശീലനവും നിർദ്ദേശവും അതിന് മേൽനോട്ടവും വഹിക്കാനുള്ള സംവിധാനവും ഉണ്ടാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പുതിയ ടെക്നോളജി ഉപയോഗിച്ച് കാര്യങ്ങൾ നിർവ്വഹിക്കുമ്പോഴുള്ള വമ്പിച്ച മാറ്റം പൂർണ്ണമായി ഉൾക്കൊള്ളാൻ ഇപ്പോഴും പൊതുവിൽ കഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥ തലത്തിലാണെങ്കിൽ ശീലിച്ചുവന്ന രീതിയിൽ നിന്ന് മാറുമ്പോൾ വലിയ റസിസ്റ്റൻസ് ഉണ്ട്. ആരും അത് പതിപൂർണ്ണമായി ഉൾക്കൊണ്ടിട്ടില്ല. അതിന് കുറേക്കൂടി ട്രെയിനിംഗും മാനസാന്തരവും ആവശ്യമുണ്ട്. നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. പക്ഷെ ഉദ്ദേശിച്ച അത്ര വേഗം ചെയിഞ്ച് വരുത്താൻ കേരളത്തിന്റെ സാഹചര്യത്തിലുള്ള പ്രയാസങ്ങൾ ബഹുമാനപ്പെട്ട മെമ്പർക്കും അറിയാമല്ലോ?

ശ്രീമതി മാലേത്ത് സരളാദേവി: സർ, കാര്യക്ഷമതയോടുകൂടി ഇ-ഗവേണൻസ് ഏർപ്പെടുത്തുമ്പോൾ സംസ്ഥാന, ജില്ലാ, ഭരണ സിരാകേന്ദ്രങ്ങൾ തമ്മിലുള്ള കമ്മ്യൂണിക്കേഷൻ ലൈൻ ഉണ്ടാകണം. അതുപോലെതന്നെ ഇതിന് ഓഫീസേഴ്സിനും, ഉദ്യോഗസ്ഥർക്കും, മറ്റുള്ള ജീവനക്കാർക്കും യഥാർത്ഥത്തിൽ പരിശീലനം നൽകണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒരുപാട് പദ്ധതികൾ ഉണ്ട്. ഇപ്പോൾ ഞാൻ ഇവിടെ പറഞ്ഞതുപോലെ തന്നെ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടറൈസേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടറൈസേഷൻ ഇതൊക്കെ പൂർത്തിയാക്കുമ്പോൾ സംസ്ഥാനത്തൊട്ടാകെ കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ബന്ധപ്പെടലും വിവരങ്ങൾ കൈമാറലും അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സർവ്വീസ് ജനങ്ങളിലേക്ക് എത്തിക്കലും ഒക്കെ സാധിക്കും. ഇത്തരത്തിലുള്ള ഒരുപാട് ഉപയോഗങ്ങൾ ഉണ്ട്. അതിനുവേണ്ടിയുള്ള പദ്ധതികൾ അതിശീഘ്രം നടപ്പിലാക്കിവരികയാണ്. ജനങ്ങൾക്ക് കുടുതൽ കമ്പ്യൂട്ടർ പരിശീലനവും വിദ്യാഭ്യാസവും കൊടുക്കാൻ വേണ്ടി 'അക്ഷയ' പോലുള്ള പദ്ധതികൾ ഉണ്ട്. അക്ഷയ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ജില്ലകളിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ ഗുണം താഴെത്തട്ടിൽ വരെ ലഭിക്കുന്നതിന്റെ വളരെ പ്രായോഗികമായ ഉദാഹരണങ്ങളും ഇപ്പോൾ കാണാറുണ്ട്. ഗവൺമെന്റ് സർവ്വീസ്, വില്ലേജ് ലവലിൽവരെ കൊടുക്കാൻ കഴിയും, അതിന് ആളുകളെ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള വിവിധ പദ്ധതികൾ ഉണ്ട്. ഇപ്പോൾ ഇ-ഗവേണൻസ് എന്ന ഭരണരീതികൊണ്ട് ഭാവിയിൽ വന്നിച്ച മാറ്റങ്ങൾ ജനജീവിതത്തിൽ വരുത്താൻ വിവിധ പദ്ധതികൾ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. അതിൽ ചിലതാണ് ഞാൻ സൂചിപ്പിച്ച ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടറൈസേഷൻ, താഴെത്തട്ടിൽ 'അക്ഷയ' പോലുള്ള സെന്ററുകൾ ഇതൊക്കെ.

ശ്രീമതി മാലേത്ത് സരളാദേവി: സർ, മഹാത്മജി പറഞ്ഞത് ഇൻഡ്യയെ കണ്ടെത്തേണ്ടത് ഗ്രാമപ്രദേശങ്ങളിൽ ആയിരിക്കണം എന്നാണ്. ഇ-ഗവേണൻസ് ഏർപ്പെടുത്തുമ്പോൾ നഗരങ്ങളെ മാത്രം ഉൾക്കൊള്ളിക്കാതെ താലൂക്ക് ഗ്രാമപ്രദേശങ്ങളെ കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ടെക്നോളജിയുടെ ഒരു ഗുണം തന്നെ ഇത് നഗരങ്ങളിൽ ഒന്നും ഒതുങ്ങി നിൽക്കില്ല എന്നുള്ളതാണ്. ഇപ്പോൾ സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള കണക്ടിവിറ്റിയൊക്കെ ഉള്ളതുകൊണ്ട് നേരത്തെ പറഞ്ഞ മാറ്റങ്ങൾ വരുമ്പോൾ നഗരങ്ങളിൽ മാത്രമല്ല, ഗ്രാമങ്ങളിലും ഇതിന്റെ പ്രയോജനം ലഭിക്കും.

ശ്രീ. ഡി. സുഗതൻ: സർ, ഇ-ഗവേണൻസ് നടപ്പിലാക്കിയാൽ ഗവൺമെന്റിന് ഭാവിയിൽ ലാഭം ഉണ്ടാകും എന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എം.എൽ.എ. മാർ, മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവർക്കെല്ലാം ടി.എ., ഡി.എ. ഇനത്തിലൊക്കെ വരുമാനം ഉണ്ട്. വീഡിയോ കോൺഫറൻസുകളും ടെലി കോൺഫറൻസുകളും ഒക്കെ വന്നുകഴിഞ്ഞാൽ ആ നിലയിലുള്ള ലാഭമാണ്

ഗവൺമെന്റിന് ഉണ്ടാകാൻ പോകുന്നത്, അത് മറ്റുള്ളവർക്ക് നഷ്ടവും ഉണ്ടാകും. അതുകൊണ്ടുതന്നെ റെസിസ്റ്റൻസ് എല്ലാഭാഗത്തുനിന്നും ഉണ്ടാകുക സ്വാഭാവികമാണ്. ഇത് കണക്കാക്കി ഒരു അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തീർച്ചയായിട്ടും വീഡിയോ കോൺഫറൻസ് കൊണ്ടുള്ള ഗുണങ്ങൾ ഇപ്പോൾ നമുക്കൊക്കെ അറിയാവുന്നതാണ്. ആന്ധ്രയിലൊക്കെ അത് കാര്യമായ മാറ്റങ്ങൾ വരുത്തി. ഉദ്യോഗസ്ഥർ അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിക്കാതെ അങ്ങോട്ടുമിങ്ങോട്ടുമുള്ള കോൺഫറൻസിലൂടെ ഒരേസമയം എല്ലാവരോടും ബന്ധപ്പെടാൻ സാധിക്കും. ഈ തരത്തിൽ മാറ്റങ്ങൾ വരുമ്പോൾ റെസിസ്റ്റൻസും ഉണ്ട്. കാരണം ഇതൊക്കെ പഴയ രീതിയിൽ നിന്ന് പുതിയ രീതിയിലേക്കുള്ള മാറ്റമാണ്. സ്വാഭാവികമായി റെസിസ്റ്റൻസ് ഉണ്ടാകും. അതിന് എല്ലാവരും അഡോപ്ട് ചെയ്യുന്ന രീതിയിൽ അവരെയൊക്കെ ബോധവൽക്കരിക്കുക, ട്രെയിനിംഗ് കൊടുക്കുക എന്നുള്ളത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗംതന്നെയാണ്.

ശ്രീ. ഡി. സുഗതൻ: സർ, ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്ന് പറയാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വീഡിയോ കോൺഫറൻസ് ഉൾപ്പെടെയുള്ള പദ്ധതികളാണെങ്കിൽ അതിന് കുറച്ചുകൂടി സമയം എടുക്കും, അല്ലാതെ ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടറൈസേഷൻ, ഞാൻ നേരത്തെ പറഞ്ഞ രീതിയിലുള്ളത്, അഞ്ചാറ് മാസം കൊണ്ടുതന്നെ കുറേയൊക്കെ നന്നായി പൂർത്തിയാകും.

ശ്രീ. സാജുപോൾ: സർ, ഇ-ഗവേണൻസ് അടക്കമുള്ള ആധുനിക സംവിധാനങ്ങൾ സർക്കാർ സർവ്വീസിനെ കാര്യക്ഷമമാക്കാൻ വേണ്ടി കൊണ്ടുവരേണ്ടതാണ്. പക്ഷെ മോഹൻലാലിന്റെ ഒരു വാചകം കടം എടുത്തു പറയുകയാണെങ്കിൽ ചെയ്യിക്കുന്നത് തലയും ചെയ്യുന്നത് കയ്യുമാണ്. ഇന്ന് സർക്കാർ ജീവനക്കാരും അധ്യാപകരും ഗവൺമെന്റിന്റെ ദ്രോഹകരമായ നിലപാടുമൂലം അങ്ങേയറ്റം അസംതൃപ്തരാണ്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ചില നടപടികളെല്ലാം വന്നിട്ടുണ്ട് എന്നുള്ളത് ശരിയാണ്. ആ നിലയിൽ സർക്കാർ ജീവനക്കാരേയും അധ്യാപകരേയും വിശ്വാസത്തിലെടുക്കാനും അവർക്ക് നിഷേധിച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ടും ഇത് നടപ്പാക്കാൻ അങ്ങ് ശ്രമിക്കുമോ?

(മറുപടി പറഞ്ഞില്ല)

മി. സ്പീക്കർ: ഓർഡർ, ഓർഡർ

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly